# CAREER Updates

# പത്രവൃത്താന്തം

15.09.2023
(വെള്ളി)



- ⇨ 2023 സെപ്തംബറിൽ നവ ലോകനേതാക്കളെ അവതരിപ്പിക്കുന്ന ടൈം മാഗസീന്റെ 100 നെക്സ്റ്റ് പട്ടികയിൽ ഇടംപിടിച്ച മലയാളി ആർക്കിടെക്ട്
- ✔ വിനു ഡാനിയേൽ
- സുസ്ഥിര മാതൃകയിലുള്ള നിർമ്മിതികളൊരുക്കുന്ന ആർക്കിടെക്ട് കമ്പനിയായ വോൾമേക്കേഴ്സിന്റെ സ്ഥാപകനാണ് വിനു ഡാനിയേൽ. വസ്ത്രാവശിഷ്ടങ്ങളും ഫെറോ സിമന്റും ഉപയോഗിച്ച് ക്ലോത്ത്ക്രീറ്റ് ഫർണീച്ചർ ഒരുക്കുന്നതിൽ ലോകശ്രദ്ധ നേടിയ വ്യക്തിയാണ് ഇദ്ദേഹം.
- 2023-ലെ ടൈം മാഗസീന്റെ 100 നെക്സ്റ്റ് പട്ടികയിൽ വിനു ഡാനിയേൽ അടക്കം 4 ഇന്ത്യക്കാരാണ് ഇടംപിടിച്ചത്. ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻ പ്രീത് കൗർ, മാധ്യമ പ്രവർത്തക നന്ദിത വെങ്കടേശൻ, വൈദ്യശാസ്ത്രജ്ഞൻ ഡോ. നബ്യുറൻ ദാസ് ഗുപ്ത എന്നിവരാണ് മറ്റ് മൂന്ന് പേർ.

- ⇨ അന്തർദ്ദേശീയ ജനാധിപത്യ ദിനമായി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 15
- 'വരും തലമുറയുടെ ശാക്തീകരണം' എന്നതാണ് 2023-ലെ അന്തർദ്ദേശീയ ജനാധിപത്യ ദിനത്തിന്റെ പ്രമേയം.
- ⇨ 2023 സെപ്തംബറിൽ ഇന്ത്യയിൽ ആദ്യമായി മോട്ടോ ജി.പി. ബൈക്ക് റേസ് മത്സരം നടക്കുന്ന ഉത്തർപ്രദേശിലെ നഗരം
- ✔ നോയിഡ
- ⇨ 2023 സെപ്തംബറിൽ മാസ്റ്റർ കാർഡ് ഇന്ത്യയുടെ ചെയർമാൻ ആയി നിയമിതനായത്
- ✔ രജനീഷ് കുമാർ
- ⇨ 2023 സെപ്തംബറിൽ മത്സരിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധി നീക്കി എന്ന ചരിത്ര പ്രഖ്യാപനം നടത്തിയത് ഏത് അന്താരാഷ്ട്ര സൗന്ദര്യ മത്സരത്തിലാണ്?
- ✔ മിസ്സ് യൂണിവേഴ്സ്
- ⇨ ദേശീയ എഞ്ചിനിയേഴ്സ് ദിനമായി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 15
- ⇨ 2023 സെപ്തംബറിൽ ചരിത്രത്തിലാദ്യമായി സ്ത്രീകൾ ക്ഷേത്ര പൂജ ചെയ്യുന്നതിനായി നിയമിതരാകുന്ന ഇന്ത്യൻ സംസ്ഥാനം
- ✔ തമിഴ്നാട്
- ⇨ 2023-ലെ 19-ാമത് ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങളുടെ എണ്ണം
- ✔ 655
- ⇨ 2023 സെപ്തംബറിൽ പ്രകാശനം ചെയ്യപ്പെടുന്ന, സോളാർ കേസിലെ പ്രതി സരിത എസ്. നായരുടെ ആത്മകഥ
- ✔ പ്രതിനായിക

- ⇨ 2023 സെപ്തംബറിൽ ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി ഫെലോഷിപ്പ് നേടിയ മലയാളി ഗവേഷകർ
- ✔ ഡോ. സത്യഭാമ ദാസ് ബിജു, ഡോ. പ്രിയ എബ്രഹാം
- 2023-ൽ ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി ഫെലോഷിപ്പ് നേടിയ 45 പേരുടെ പട്ടികയിൽ ഇടംനേടിയത് 2 മലയാളികൾ മാത്രമാണ്.
- ⇨ അക്കൗണ്ടിൽ പണം ഇല്ലെങ്കിലും യു.പി.ഐ. പേയ്മെന്റ് നടത്തുന്നതിനായി നിലവിൽ വരുന്ന സംവിധാനം
- ✔ യു.പി.ഐ. നൗ, പേ ലേറ്റർ
- ഉപയോക്താക്കൾക്ക് അനുവദിക്കപ്പെട്ട പരിധിയിൽ വിനിമയങ്ങൾ നടത്താനും പിന്നീട് ഈ തുക തിരികെ അടയ്ക്കാനും കഴിയുന്ന രീതിയാണിത്.
- ഉപയോക്താക്കളുടെ മുൻകൂട്ടിയുള്ള സമ്മതം വാങ്ങി വാണിജ്യ ബാങ്കുകൾക്ക് ഈ സൗകര്യം നൽകാൻ കഴിയും.
- ⇨ 2023 സെപ്തംബറിൽ നാസ്കോം വൈസ് ചെയർപേഴ്സണായി നിയമിതയായത്
- ✔ സിന്ധു ഗംഗാധരൻ
- ⇨ 2023 സെപ്തംബറിൽ എന്റർടെയ്ൻമെന്റ് പോളിസി കൗൺസിലിന്റെ ചെയർ പേഴ്സണായി ഹരിയാന സർക്കാൻ നിയമിച്ച നടി
- ✔ മിത വസിഷ്ഠ്
- ⇨ സ്ത്രീ ശാക്തീകരണത്തിനായി കേരള വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കുടുംബശ്രീ സംഘടിപ്പിക്കുന്ന ക്യാമ്പയിൻ
- ✔ തിരികെ സ്കൂളിൽ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999